# ഇസ്‌ലാം ധർമ്മം

തയ്യാറാക്കിയത്

ഇസ്ലാമിക പ്രബോധന വിഭാഗം

കേരള.

18

COOPERATIVE OFFICE FOR CALL AND GUIDANCE

# ഇസ്ലാം ധർമ്മം

പ്രബോധന - മാർഗ്ഗ നിർദ്ദേശ
സഹകരണ ഓഫീസ്
ബത്ഹാ

പി.ബി നമ്പർ 20824 - റിയാദ് 11465
ഫോൺ - 4030251 - 4034517
ഫാക്സ് - 4032141

ദാറുൽ ഇഫ്തായുടെ നിയന്ത്രണത്തിലുള്ള സ്ഥാപനം

---

പ്രസ്തുത ഓഫീസിന്റെ രേഖാമൂലമുള്ള അനുവാദം
കൂടാതെ ഈ പുസ്തകം പുന:പ്രസിദ്ധീകരിക്കാൻ പാടുള്ളതല്ല.

# ഇസ്‌ലാം ധർമ്മം

പ്രബോധന - മാർഗ്ഗനിർദ്ദേശ
സഹകരണ ഓഫീസ്
ബത്ത്ഹാ
P.B. NO: 20824 - റിയാദ് 11465
ഫോൺ - 4030251 - 4034517
ഫാക്സ് - 4030142.

ദാറുൽ ഇഫ്ത്താവുടെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനം.

# LIST OF THE OFFICE PUBLICATIONS

| NO. | The Books | Languages |
| --- | --- | --- |
| 1- | Creeed of Ahlul-Sunnah wal Jama'ah | Tagalog |
| 2- | The True Religion | English |
| 3- | Chapters in Fasting,Tr'awih, and Zakah......... | Somali |
| 4- | Islamic way of Life | English |
| 5- | The True Religion | Tagalog |
| 6- | What is Islam? | Thailandi |
| 7- | Creed of Ahlul-Sunnah wal Jama'ah | Somali |
| 8- | The True Religion | Thailandi |
| 9- | How do we receive Ramadan | English |
| 10- | Three Fundamentals and their Evidences ......... | Thailandi |
| 11- | The Book of Prayer | English |
| 12- | Principles of Ima'n | Tagalog |
| 13- | Advice To Preachers | Arabi |
| 14- | A Glimpse of Islamic Faith | English |
| 15- | Creed of Ahlul-Sunnah Wal-Jama'ah | Urdu |
| 16- | Islamic Guidances | Indonessie |
| 17- | The Way To Happiness | English |
| 18- | What is Islam? | Malialam |
| 19- | Jurisprudence of Inheritance | Arabi |

# ഇസ്ലാം ധർമ്മം

ഇസ്ലാം എന്ന വാക്കിന്നു് അനുസരണം എന്നാണർത്ഥം. മനുഷ്യൻ തന്റെ സ്രഷ്ടാവും രക്ഷിതാവുമായ ദൈവത്തെ അനുസരിക്കുന്നതുകൊണ്ടാണ് ഇസ്ലാംധർമ്മത്തിന്നു് ആ പേർ ദൈവം നിശ്ചയിച്ചത്. ഇഷ്ടമുള്ള കാര്യത്തിൽ മാത്രം ദൈവത്തെ അനുസരിക്കുന്നതിന്നു് ഇസ്ലാം എന്നു പറയുകയില്ല. തന്റെ ദേഹേച്ഛക്കും കുടുംബപാരമ്പര്യത്തിന്നും നാട്ടാചാരങ്ങൾക്കും എതിരായ കാര്യങ്ങൾ ദൈവം കല്പിച്ചാൽ അതനുസരിക്കാൻ തയ്യാറാവലാണ് ഇസ്ലാം. പൂർണ്ണമായും ദൈവത്തെ അനുസരിക്കുന്ന ഒരു വ്യവസ്ഥയാണ് ഇസ്ലാംധർമ്മം.

സ്വന്തം കാര്യത്തിലും കുടുംബകാര്യത്തിലും കച്ചവടം, കൃഷി, തൊഴിൽ എന്നീ കാര്യങ്ങളിലും മനുഷ്യൻ ദൈവത്തെ അനുസരിക്കുന്ന വ്യവസ്ഥയാണ് ഇസ്ലാം. വിദ്യാഭ്യാസ കാര്യങ്ങളിലും സാമൂഹ്യകാര്യങ്ങളിലും ദേശീയ പ്രശ്നങ്ങളിലും ദൈവത്തെ അനുസരിക്കാൻ മനുഷ്യനോട് ആജ്ഞാപിക്കുന്ന വ്യവസ്ഥക്കാണ് ഇസ്ലാം ധർമ്മം എന്നു പറയുന്നത്. ജീവിതത്തിലെ സകല കാര്യങ്ങളും ദൈവത്തിന്റെമാത്രം ഇച്ഛക്കൊത്ത് ചലിക്കുമ്പോൾ അതാണ് ഇസ്ലാം. ചില കാര്യങ്ങൾ ദൈവാജ്ഞപോലും പരിഗണിക്കാതെ, നാട്ടാചാരപ്രകാരം സ്വീകരിക്കുമ്പോൾ അവിടെ

ദൈവവുമായി മനുഷ്യൻ ഇടയുന്നു. ഈ രീതിയെ ഇസ്ലാം അംഗീകരിക്കുന്നില്ല. ചില അന്ധവിശ്വാസങ്ങാം സമൂഹത്തിൽ കാണാൻ കഴിയും. മനുഷ്യൻ അവ സ്വീകരിച്ചാൽ സ്വാഭാവികമായും ആ വിഷയത്തിൽ അവൻ ദൈവത്തിന്റെ താല്പര്യം കയ്യൊഴിക്കുകയാണ് ചെയ്യുന്നതു്. അപ്പോാം അവിടെ അവൻ ഇസ്ലാമിനെ തിരസ്കരിക്കുന്നു. തൊഴിലിലും കച്ചവടത്തിലും സത്യസന്ധത പുലർത്തണമെന്നാണ് ദൈവം കല്പിക്കുന്നത്. അവിടെയും ദൈവകല്പന സ്വീകരിക്കാൻ മനുഷ്യൻ ബാധ്യസ്ഥനാണ്. സമ്പത്ത് വ്യയം ചെയ്യുന്നതിലും ദൈവം അവന്നു് മാർഗ്ഗദർശനം നല്കുന്നു. നല്ല കാര്യത്തിന്നു് ചെലവഴിക്കാനേ ഇസ്ലാം അനുവദിക്കുന്നുള്ളൂ. ഭാര്യാ – സന്താനങ്ങളെ സംരക്ഷിക്കാനും കഷ്ടപ്പെടുന്നവരെയും ബുദ്ധിമുട്ടുന്നവരെയും സഹായിക്കാനും ദൈവം നിർദ്ദേശിക്കുന്നു. ആ രീതിയിൽ ധനം വിനിയോഗിക്കുന്നതാണ് ഇസ്ലാംധർമ്മം. എല്ലാവരോടും സ്നേഹത്തിലും സാഹോദര്യത്തിലും കാരുണ്യത്തിലും വർത്തിക്കണമെന്ന് ഇസ്ലാം ആജ്ഞാപിക്കുന്നു. ഇങ്ങനെ മനുഷ്യൻ ജനിക്കുന്നതുമുതൽ മരിക്കുന്നതുവരെ ചെയ്യുന്ന എല്ലാ കാര്യങ്ങളിലും ദൈവത്തിന്റെ കല്പന അനുസരിക്കലാണ് ഇസ്ലാം.

ഇസ്ലാം എന്ന വാക്കിന്റെ മററൊരർത്ഥം സമാധാനം എന്നാകുന്നു. മനുഷ്യമനസ്സുകളുടെ സമാധാനം, കുടുംബത്തിലെ സമാധാനം, നാട്ടിലെ സമാധാനം, ലോകമൊട്ടുക്കുമുള്ള സമാധാനം. ദൈവിക കല്പന അനുസരിച്ച് ജീവിക്കുമ്പോാം സംഘർഷങ്ങളും സംഘട്ടനങ്ങളും കുറയുന്നു. പക്ഷികളെ നോക്കൂ! ദൈവം നിശ്ചയിച്ച നിയമമനുസരിച്ച് അവ ആകാശത്തിൽ പറന്നുകളിക്കുന്നു; സമാധാന ജീവിതം നയിക്കുന്നു. മത്സ്യങ്ങളെ നോക്കൂ! അവ നദിക

ളിലും ജലാശയങ്ങളിലും നീന്തിത്തുടിക്കുന്നു. വെള്ളത്തിൽ ജീവിക്കുക എന്ന വ്യവസ്ഥ ദൈവം അവക്ക് നിശ്ചയിച്ചുകൊടുത്തിരിക്കുന്നു. പറവകൾ മത്സ്യങ്ങളെപ്പോലെ വെള്ളത്തിൽ ജീവിക്കാൻ ശ്രമിച്ചാൽ അവയുടെ സമാധാനം നഷ്ടപ്പെടും. മത്സ്യങ്ങൾ കരയിൽ ജീവിക്കാൻ ശ്രമിച്ചാൽ അവയുടെ സമാധാനവും നഷ്ടപ്പെടും. ചെറിയചെറിയ ജീവികളെ മാത്രമല്ല, ഈ ബ്രഹ്മാണ്ഡകടാഹത്തിലെ കോടാനുകോടി നക്ഷത്രങ്ങളെ നോക്കൂ! അവക്ക് നിർണ്ണിതമായ വ്യവസ്ഥ ദൈവം നിശ്ചയിച്ചിരിക്കുന്നു. ആ വ്യവസ്ഥ അനുസരിച്ച് അവ ചലിക്കുന്നതുകൊണ്ടാണ് പ്രപഞ്ചം സമാധാനപരമായി നിലനില്ക്കുന്നത്. ഇതേ പ്രകാരം ഭൂമിയിൽ ജീവിക്കുന്ന മനുഷ്യനും ദൈവം ചില നിയമവ്യവസ്ഥകൾ പഠിപ്പിച്ചിരിക്കുന്നു. അവ പാലിച്ചാൽ മനുഷ്യന്നു സമാധാനം ലഭിക്കും. വ്യക്തി എന്ന നിലക്ക് ഒരു മനുഷ്യൻ തന്റെ ജീവിതം ദൈവികനിയമമനുസരിച്ച് ക്രമപ്പെടുത്തിയാൽ അവന്ന് മനസ്സമാധാനം ലഭിക്കും. കുടുംബത്തിന് ദൈവം നിശ്ചയിച്ച നിയമങ്ങൾ ഒരു കുടുംബം പാലിച്ചാൽ ആ കുടുംബത്തിന്ന് സമാധാനം ലഭിക്കും. ദൈവികനിയമങ്ങൾ പ്രാവർത്തികമാക്കിയാൽ സമൂഹത്തിന്നും സമാധാനം ലഭിക്കും. രാജ്യനിയമങ്ങൾ ദൈവത്തിന്റെ അഭീഷ്ടമനുസരിച്ച് നടപ്പാക്കിയാൽ രാജ്യത്ത് സമാധാനവും സന്തുഷ്ടിയും കളിയാടും. അതിനാൽ ദൈവിക വ്യവസ്ഥക്ക് സമാധാനം (ഇസ്ലാം) എന്ന് ദൈവം നാമകരണം ചെയ്തിരിക്കുന്നു. ഇപ്പോൾ മനുഷ്യനെക്കുറിച്ച് ചിന്തിച്ചുനോക്കുക. അവൻ ദൈവകല്പന അനുസരിച്ച് ജീവിക്കാത്തതുകൊണ്ട് മനസ്സമാധാനം നഷ്ടപ്പെട്ടിരിക്കുന്നു. പറവകൾക്കും മത്സ്യങ്ങൾക്കുമുള്ള സമാധാനം അവനില്ല. അതിനാൽ ആരെങ്കിലും മനസ്സമാധാനം ആഗ്രഹിക്കുന്നുവെങ്കിൽ ദൈവിക നിയമത്തിന്

കീഴ്പെട്ട് ജീവിക്കാൻ തീരുമാനിക്കേണ്ടതുണ്ട്. മനുഷ്യരിൽ ചിലർ നിയമം നിർമ്മിക്കുകയും അത് മററു ചിലർ അനുസരിക്കുകയും ചെയ്യുന്നതാണ് കുഴപ്പത്തിൻെറ അടിസ്ഥാനം. കാരണം ഒരു വിഭാഗം നിർമ്മിച്ച നിയമങ്ങൾ മററു വിഭാഗത്തിന്ന് വിഷമമുണ്ടാക്കുന്നു. അപ്പോൾ അവർ നിയമം ലംഘിക്കുന്നു. അതോടെ പരസ്പര സംഘർഷവും സംഘട്ടനവും ഉടലെടുക്കുന്നു. ഓരോരുത്തരുടെയും നിയമങ്ങൾ അവരവരുടെ താല്പര്യങ്ങൾക്ക് മുൻഗണന നല്കുന്നു. മനുഷ്യൻ നിയമനിർമാതാവാകുന്നതാണ് എല്ലാ കുഴപ്പത്തിനും അസമാധാനത്തിനും ഹേതു. ആരും ആർക്കുവേണ്ടിയും നിയമം നിർമ്മിക്കരുത്; എല്ലാവർക്കുമായി ദൈവം നല്കിയ നിയമം സ്വീകരിക്കുക എന്ന തത്വം മനുഷ്യൻ അംഗീകരിക്കേണ്ടതുണ്ട്. ഇത് ഒരു ലളിത സത്യമാണ്. മനുഷ്യനെ സൃഷ്ടിച്ചവൻ ദൈവമായതിനാൽ മനുഷ്യപ്രകൃതി ശരിക്കും അറിയുന്നത് അവനാണ്. മനുഷ്യൻെറ ഉടസ്ഥൻ ദൈവമായതിനാൽ നിയമം നിർമിക്കാനുള്ള അധികാരവും അവനാണ്. സ്രഷ്ടാവും ഉടമസ്ഥനും രക്ഷിതാവും ദൈവമാകയാൽ അവന്നു മാത്രമേ മനുഷ്യന്ന് ഗുണകരമായ ഒരു നിയമം നിർമ്മിക്കാൻ സാധിക്കുകയുള്ളു: അവന്ന് മാത്രമാണ് അതിന് അവകാശമുണ്ടതും.

## മുസ്ലിം

ദൈവത്തെ മനസാവാചാ കർമ്മണാ പൂർണ്ണമായി അനുസരിക്കുന്നവനാണ് മുസ്ലിം. ഏതെങ്കിലും കുടുംബത്തിലോ ഗോത്രത്തിലോ ജനിക്കുന്നതു് കൊണ്ട് ഒരാൾ മുസ്ലിമാവുകയില്ല. മുസ്ലിമായ മാതാവിൻെറയും പിതാവിൻെറയും സന്താനമായതുകൊണ്ടും ഒരാൾ മുസ്ലിമാകണമെന്നില്ല. എന്നാൽ ഒരാൾ ഒരു ക്രസ്തീയ കുടുംബത്തിൽ ക്രസ്ത്യൻ മാതാവിൻെറയും പിതാവിൻെറയും സന്താനമായി

പിറന്നവൻ ദൈവത്തെ പൂർണ്ണമായി അനുസരിക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്താൽ അവൻ ദൈവത്തെ അനുസരിക്കുന്നവ(മുസ്ലിം) നായിരിക്കും. ഏതെങ്കിലും ജാതിയുടെ പേരല്ല മുസ്ലിം എന്നു പറയുന്നത്. ഏകദൈവത്തെ സ്വമനസ്സാ അംഗീകരിക്കുന്നതിനാൽ വന്നുചേരുന്ന മഹത്തായ സ്ഥാനപ്പേരാണത്.

ദൈവത്തെ ധിക്കരിക്കുന്നവന് ശിക്ഷയുള്ള പോലെ തന്നെ, ദൈവത്തെ അംഗീകരിച്ച മുസ്ലിം തന്റെ ജീവിതത്തിൽ ദൈവികനിയമങ്ങളെ ലംഘിക്കുകയാണെങ്കിൽ അവന്നും കഠിനമായ ശിക്ഷയുണ്ട്. അവൻ ദൈവവുമായി ചെയ്ത പ്രതിജ്ഞ ലംഘിക്കുന്നതാണ് അതിന്ന് കാരണം. മുസ്ലിം നാമധാരികളിൽ പലരും ദൈവത്തോടുള്ള പ്രതിജ്ഞ ലംഘിക്കുന്നതായി നമുക്കിന്ന് കാണാം. അതിൽ എല്ലാവരും സമന്മാരല്ല. ചിലർ ചില ദൈവികനിർദ്ദേശങ്ങളാണ് ലംഘിക്കുന്നതെങ്കിൽ മററു ചിലർ മററുചില നിയമങ്ങളാണ് ലംഘിക്കുന്നത്. അവരവരുടെ കുററത്തിന്റെ തോതനുസരിച്ച് ദൈവം അവരെ ശിക്ഷിക്കും. മുസ്ലിം തെററു ചെയ്താൽ അവന്ന് കുററമില്ല എന്ന് ആരും വിശ്വസിക്കുകയില്ലല്ലോ? ദൈവം നീതിമാനാണ് അനീതി ആരോടും കാണിക്കുകയില്ല. മുസ്ലിം കുററം ചെയ്താൽ അവന്ന് അർഹമായ ശിക്ഷ ലഭിക്കണം എന്നതാണ് ദൈവികനീതിയുടെ താല്പര്യം. കാരണം അവൻ സ്വയം മുസ്ലിമാണെന്നു വാദിക്കുന്നു. തന്റെ വാദത്തിന്നനുസരിച്ച ദൈവവുമായുള്ള ബാധ്യത അവൻ ലംഘിക്കുന്നു. സ്വന്തം വാദം പ്രയോഗത്തിൽ വരുത്താത്തവൻ ആ വാദം തന്നെ ഇല്ലാത്തവനേക്കാൾ കൂടുതൽ ശിക്ഷാർഹനാണ്.

## ഖുർആൻ വേദം

മനുഷ്യജീവിതത്തിന്നു് ആവശ്യമായ നിയമങ്ങളുടെ സമുച്ചയമാണ് വേദം. പൗരാണിക കാലത്തു് എഴുത്തും വായനയും ഇല്ലായിരുന്നു. ആ കാലഘട്ടത്തിൽ ദൈവം നൽകിയ നിയമങ്ങൾ മനുഷ്യൻ പിന്നീടു് വിസ്മരിച്ചു. പില്ക്കാലത്തു് വീണ്ടും വീണ്ടും നിയമങ്ങൾ നല്കിപ്പോന്നു. മനുഷ്യരിൽ അധമരായവർ അവ കൈകാര്യം ചെയ്തപ്പോൾ തങ്ങളുടെ അഭീഷ്ടമനുസരിച്ചു് അവ തിരുത്തുകയും മാററുകയും വ്യാഖ്യാനിക്കുകയും ചെയ്തു. തന്മൂലം വീണ്ടും വീണ്ടും ശരിയായ രൂപത്തിൽ നിയമസംഹിതകൾ (വേദങ്ങൾ) ദൈവം നല്കിപ്പോന്നു. ആ വേദങ്ങളുടെ ഏററവും പരിഷ്കൃത പതിപ്പാണ് ഖുർആൻ. ദൈവിക നിയമസംഹിതകളുടെ സമ്പൂർണ്ണ രൂപമാണ് ഖുർആൻ. മനുഷ്യരാശിക്കു് ദൈവം നല്കിയ നിയമസംഹിതകളുടെ അവസാന പതിപ്പും ഖുർആൻ തന്നെയാണ്. അതിനാൽ ദൈവാഭീഷ്ടം അനുസരിച്ചു് ജീവിക്കാനാഗ്രഹിക്കുന്ന മനുഷ്യനു് ഒരു പ്രയാസവുമില്ല; ഖുർആൻ അനുസരിക്കുകയേ വേണ്ടു.

## മാതൃക

ഖുർആന്റെ വ്യാഖ്യാനവും കർമ്മപരമായ മാതൃകയുമാണ് പ്രവാചകനായ മുഹമ്മദിന്റെ ജീവിതം. ഖുർആൻവേദമനുസരിച്ചു് മനുഷ്യൻ എങ്ങനെ ജീവിക്കണമെന്നു് കാണിച്ചുകൊടുക്കാൻ ദൈവം നിയോഗിച്ച പ്രവാചകനാണ് മുഹമ്മദ്. അദ്ദേഹം ദൈവദൂതനെന്ന നിലക്കു് മഹാനാണ്. പക്ഷേ ദൈവത്തിന്റെ ഒരു ഗുണവും അദ്ദേഹത്തിന്നില്ല. അദ്ദേഹത്തെ ആരാധിക്കുന്നതു് കടുത്ത പാതകമാണ്. അദ്ദേഹത്തെ പ്രവാചകനെന്ന

നിച്ചക്ക് നാം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യണം. പക്ഷേ, ഈ സ്നേഹ – ബഹുമാനങ്ങൾ അതിരു കടന്ന്, ദൈവത്തിന്റെ അധികാരങ്ങളിലും അവകാശങ്ങളിലും അദ്ദേഹത്തെ പങ്കുചേർക്കുന്നത് കടുത്ത ദൈവധിക്കാരമാണ്. ദൈവവുമായി അദ്ദേഹത്തിന്റെ അടുപ്പം എത്ര അധികമായാലും, പ്രവാചകൻ ദൈവത്തിന്റെ സൃഷ്ടിയാണ്; ദൈവത്തിന്റെ അടിമയാണ്. ദൈവം മാത്രമാണ് ഉടമ. അവനെ മാത്രമേ ആരാധിക്കാൻ പാടുള്ളൂ. നാം ദൈവത്തെ അനുസരിച്ച് എങ്ങനെ ജീവിക്കും? മുഹമ്മദ് എന്ന പ്രവാചകൻ ജീവിച്ച പോലെ ജീവിക്കുക. അദ്ദേഹം ദൈവത്തെ ആരാധിച്ചു; നാമും ആ ദൈവത്തെ മാത്രം ആരാധിക്കുക. യാതൊരു സൃഷ്ടിയും ദൈവം എന്ന മഹത്തായ ശക്തിവിശേഷത്തോട് പങ്കുകാരാകാതിരിക്കുക. പ്രവാചകനെപ്പോലും.

## വിശ്വാസ ത്രയം

**1 ഏകദൈവത്വം (തൗഹീദ്):**

ദൈവം ഏകനാണ് എന്ന വിശ്വാസമാണ് ഇസ്ലാമിന്റെ അടിസ്ഥാനം. സ്രഷ്ടാവും രക്ഷിതാവും ആരാധ്യനും സംരക്ഷകനും നിയമദാതാവും ഒരുവൻമാത്രം. മഹാന്മാരോ മാലാഖമാരോ പുരോഹിതന്മാരോ ആരായാലും അവരെല്ലാം ദൈവത്തിന്റെ സൃഷ്ടികളാണ്. മുഹമ്മദ്നബിയും സൃഷ്ടിയാണ്. സൃഷ്ടിപൂജ പാടില്ല. മുഹമ്മദ് നബിയെ ആരാധിക്കൽ അക്രമമാണെന്ന് ഇസ്ലാം പറയുന്നു. മഹാനായ യേശുക്രിസ്തുവെ ക്രിസ്തീയ സഹോദരങ്ങൾ ദൈവത്തിന്റെ പദവിയിലേക്കുയർത്തി. യഥാർത്ഥത്തിൽ യേശു പ്രവാചകനാണ്. പ്രവാചകന്മാർക്ക് ദിവ്യത്വം സങ്കല്പിക്കുന്നത് ഇസ്ലാം കർശനമായി തടഞ്ഞിരിക്കുന്നു. ഹിന്ദു സഹോദരങ്ങൾ വിശ്വസിക്കുന്നത് ബ്രഹ്മാവും വിഷ്ണുവും ശിവനും പരമാത്മാവിന്റെ സൃഷ്ടികളാണെ

ന്നാണ്. എന്നാൽ വിഷ്ണുവിനെയും വിഷ്ണുവിൻെറ അവതാരങ്ങളെയും അവർ ആരാധിക്കുന്നു. ശിവനെയും ശിവൻെറ കുടുംബങ്ങളെയും ആരാധിക്കുന്നു – പരമാത്മാവിന് പകരം സൃഷ്ടികളെ ആരാധിക്കുന്നു.

സാക്ഷാൽ സ്രഷ്ടാവ് യഹോവയാണ്. യേശു സൃഷ്ടിയാണ്. യഹോവയെ മാത്രം ആരാധിക്കുക എന്നാണ് ഇസ്ലാം പറയുന്നത്. അതുപോലെ സാക്ഷാൽ പരമാത്മാവിനെ മാത്രം ആരാധിക്കുക എന്നു് ഇസ്ലാം പഠിപ്പിക്കുന്നു. ''ലാ ഇലാഹ ഇല്ലല്ലാ'' എന്നു പറഞ്ഞാൽ ദൈവം, യഹോവ, പരമാത്മാവ് – അവൻ മാത്രമാണ് ആരാധനക്കർഹൻ എന്നാണ്. കളങ്കമില്ലാത്ത ഏകദൈവവിശ്വാസം; സൃഷ്ടിപൂജയില്ലാത്ത ഏകദൈവ വിശ്വാസം. വേദത്തിൽ പറയുന്ന ഹിരണ്യഗർഭൻ, പ്രജാപതി, ഉപനിഷത്തുക്കളിൽ പറയുന്ന ബ്രഹ്മം, ബൈബിളിൽ പറയുന്ന യഹോവ, ഖുർആനിൽ പറയുന്ന അല്ലാഹ് – എല്ലാം ഒന്നു തന്നെയാണ്. ഈ പ്രപഞ്ചത്തിൻെറ കാരണമായ സർവ്വശക്തനും കരുണാമയനുമായ സച്ചിദാനന്ദൻ ആരോ അവനെ മാത്രം ആരാധിക്കുക എന്നതാണ് ഏറ്റവും അടിസ്ഥാന പ്രമാണം. അവനിൽ ഒന്നിനെയും പങ്കുചേർക്കാൻ പാടില്ല. അരൂപ ദൈവോപാസന! നിഷ്കളങ്ക ദൈവവിശ്വാസം! നിങ്ങളെയും നിങ്ങൾക്ക് മുമ്പുള്ളവരെയും സൃഷ്ടിച്ചവനായ ദൈവത്തെ മാത്രം ആരാധിക്കുക; അനുസരിക്കുക, അവനു മാത്രം കീഴ്പ്പെടുക.

2. പ്രവാചക മിഷൻ:

ഭൂമിയിൽ ദൈവനിയമമനുസരിച്ച്, എങ്ങനെ ജീവിക്കണമെന്നു് പഠിപ്പിക്കാൻ ദൈവം ദൂതന്മാരെ നിശ്ചയിക്കുന്നു. പൗരാണിക വേദങ്ങൾ ഋഷിമാരെന്നും ബൈബിളും ഖുർആനും പ്രവാചകൻമാർ എന്നുമാണ് അവരെ വിളിക്കുന്നത്. അവർ പഠിപ്പിച്ചത്

ഒരേ കാര്യങ്ങളായിരുന്നു; പിന്നീട് മനുഷ്യൻ വികലമാക്കിയതൊഴിച്ച്. ദൈവത്തെ അംഗീകരിക്കുന്നവൻ ദൈവത്തിൻെറ മുഴുവൻ പ്രവാചകന്മാരെയും അംഗീകരിക്കണം. ചിലരെ മാത്രം അംഗീകരിക്കുന്നതും ചിലരെ തിരസ്കരിക്കുന്നതും ശരിയല്ല. ദൈവം നിയോഗിച്ച അവസാനത്തെ പ്രവാചകനാണ് മുഹമ്മദ്നബി.

3. പരലോക ജീവിതം:

ഈ ജീവിതത്തിനു് ശേഷം മറെറാരു ജീവിതമുണ്ട്. ഇവിടെ ദൈവാഭീഷ്ടമനുസരിച്ച് ജീവിച്ചവനു് അവിടെ ദൈവപ്രീതിയും മോക്ഷവും ലഭിക്കുന്നു. ഇവിടെ ദൈവത്തെ അംഗീകരിക്കാതെ താന്തോന്നിയായി ജീവിച്ചവനു് കഠിന ശിക്ഷയാണ് ലഭിക്കുക. കേവലം പരലോകമുണ്ട് എന്ന വിശ്വാസമല്ല, പരലോകത്തു് ദൈവം വിചാരണ ചെയ്യും എന്ന ബോധത്തോടെ ഈ ജീവിതത്തിൽ ധർമ്മനിഷ്ഠമായ ജീവിതം നയിക്കാൻ സഹായിക്കുന്ന സജീവബോധമാണ് പരലോകവിശ്വാസംകൊണ്ട് സാധിക്കേണ്ടതു്. പൗരാണിക വേദങ്ങളിൽ യമലോകമെന്നും പതാളലോകമെന്നും വിശേഷിപ്പിക്കുന്ന ഈ അവസ്ഥയെ ബൈബിളും ഖുർആനും സ്വർഗ്ഗം, നരകം എന്നാണ് വിശേഷിപ്പിക്കുന്നതു്. സ്വർഗം സുഖസമ്പൂർണ്ണവും ആനന്ദദായകവുമാണ്. നരകം കുററത്തിന്നനുസരിച്ച ശിക്ഷകൾ നൽകുന്ന, കഠിനമായ ശിക്ഷകൾ പോലും നടപ്പിലാക്കുന്ന ഒരിടമാണ്. അതിനാൽ മനുഷ്യൻ ദൈവത്തെ ഭയപ്പെട്ടു്, വിചാരണയെ മുന്നിൽ കണ്ട് ധർമ്മാധിഷ്ഠിത ജീവിതം നയിക്കട്ടെ.

ദൈവത്തെ മാത്രം ആരാധിക്കുക, അനുസരിക്കുക: മുഹമ്മദ് നബിയെ മാതൃകയാക്കുക; മരണാനന്തര ജീവിതത്തിൽ മോക്ഷം നേടുക—ഇതാണ് ഇസ്ലാം ധർമ്മം.

# ഇസ്ലാം ധർമ്മം

ഇസ്ലാമിക ധർമ്മത്തെക്കുറിച്ച സമ്പൂർണ്ണമായ പഠനമല്ല ഈ ലഘുലേഖ. ഹൈന്ദവ, ക്രൈസ്തവ സഹോദരങ്ങൾക്ക് ഇസ്ലാമിക ദർശനത്തിൻെറ അടിസ്ഥാന തത്വങ്ങളെ സരളമായി പരിചയപ്പെടുത്താനുള്ള ഒരു ശ്രമം മാത്രമാണ്. ഇസ്ലാം എന്ന വാക്കിൻെറ അർത്ഥം, മുസ്ലിമിൻെറയാഥാർത്ഥ്യം, ഏകദൈവ വിശ്വാസം, പ്രവാചക വിശ്വാസം, പരലോക വിശ്വാസം തുടങ്ങിയ വിഷയങ്ങൾ ഇതിൽ സംക്ഷിപ്തമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്നു.

വില: 1. 00

صدر عن المكتب حتى الآن الكتب التالية:

| م | اسم الكتـــاب | اللغة |
| --- | --- | --- |
| ١ | عقيدة أهل السنة والجماعة | فلبيني |
| ٢ | الدين الصحيح | انجليزي |
| ٣ | فصول في الصيام والتراويح والزكاة | صومالي |
| ٤ | نظام الحياة في الإسلام | انجليزي |
| ٥ | الدين الصحيح | فلبيني |
| ٦ | ما هو الإسلام | تايلندي |
| ٧ | عقيدة أهل السنة والجماعة | صومالي |
| ٨ | الدين الصحيح | تايلندي |
| ٩ | كيف نستقبل رمضان | انجليزي |
| ١٠ | الأصول الثلاثة وأدلتها | تايلندي |
| ١١ | كتاب الصلاة | انجليزي |
| ١٢ | دعائم الإيمان | فلبيني |
| ١٣ | نصيحة للدعاة إلى الله تعالى | عربي |
| ١٤ | لمحة عن العقيدة الإسلامية | انجليزي |
| ١٥ | عقيدة أهل السنة والجماعة | أردو |
| ١٦ | توجيهات إسلامية | اندونيسي |
| ١٧ | الطريق إلى السعادة | انجليزي |
| ١٨ | ما هو الإسلام | مليباري |
| ١٩ | فقه الفرائض | عربي |

# المكتب التعاوني للدعوة والإرشاد

## في البطحاء

ص.ب ٢٠٨٢٤ الرياض ١١٤٦٥

ت ٤٠٣٠٢٥١ - ٤٠٣٤٥١٧ فاكس ٤٠٣٠١٤٢

**تحت إشراف**

**الرئاسة العامة لإدارات البحوث العلمية والإفتاء والدعوة والإرشاد**

حقوق الطبع محفوظة للمكتب

# ما هو الإســـلام

باللغة الماليبارية

إعداد

منظمة الدعوة الإسلامية بكيرالا

# ما هو الإسلام

باللغة الماليبارية

إعداد

منظمة الدعوة الإسلامية بكيرالا

مكتب التعاون للدعوة والإرشاد ـ قسم الجاليات

١٨